# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2397 — 13.02.2013-ലെ മറുപടിക്ക്

## സർക്കാരിന്റെ വരവും ചെലവും

**ചോദ്യം** — **ഉത്തരം**

**ശ്രീ. എം. ഹംസ**

**ശ്രീ. കെ. എം. മാണി**
(ധനകാര്യവും നിയമവും, ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | സർക്കാരിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് ആവിഷ്കരിച്ചിരിക്കുന്നത് ; | ചെക്ക്പോസ്റ്റുകളുടെ നവീകരണത്തിലൂടെ നികുതി ചോർച്ച തടയുന്നതിലൂടെയും നികുതി മേൽനോട്ട സമിതിയുടെയും വില നിരീക്ഷണ സമിതിയുടെയും രൂപീകരണം, ആഢംബര സെസ്സ്, പുകയില ഉൽപന്നങ്ങൾ, മദ്യം എന്നിവയുടെ അധിക നികുതി എന്നിവയിലൂടെയും നികുതി പിരിവ് ഊർജ്ജിതപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്.<br>കൂടാതെ എക്സൈസ് വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തിയതിന്റെ ഫലമായി വ്യാജ മദ്യത്തിന്റെ ഉല്പാദനം, വിതരണം, ഉപഭോഗം എന്നിവ തടയുക വഴി സർക്കാരിന്റെ അംഗീകൃത മദ്യവിൽപ്പന ശാലയിലൂടെ ഇൻഡ്യൻ നിർമ്മിത വിദേശമദ്യത്തിന്റെ വിൽപ്പന വർദ്ധപ്പിച്ചിട്ടുളളതിനാൽ സർക്കാരിന്റെ നികുതി വരുമാനം വർദ്ധിച്ചിട്ടുണ്ട്. പഴയ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ഒറ്റതവണ തീർപ്പാക്കൽ പദ്ധതിയിലൂടെ കിട്ടാതെ കിടന്ന കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.<br>നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള നിരക്കുകൾ കാലോചിതമായി പരിഷ്ക്കരിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊണ്ടു വരുന്നു. |

<table>
<tr><td>(ബി)</td><td>ഭൂനികുതി, ഭൂരജിസ്ഷ്രേൻ എന്നിവയിൽ നിന്നും എത്ര തുകയാണ് വരവിനത്തിൽ ലക്ഷ്യമിട്ടിരുന്നത്; 2012 ഡിസംബർ 31 വരെ എത്ര തുക പിരിച്ചു ;</td><td>ഭൂനികുതി, രജിസ്ട്രേഷൻ എന്നിവയിൽ നിന്നും 2012-13 സാമ്പത്തിക വർഷം വരവിനത്തിൽ ലക്ഷ്യമിട്ടിരുന്നത് യഥാക്രമം 127.72 കോടി രൂപയും 3775.71 കോടി രൂപയുമാണ്.. ഇതിൽ അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം 2012 ഡിസംബർ 31 വരെ ഭൂനികുതി ഇനത്തിൽ 84.46 കോടി രൂപയും രജിസ്ട്രേഷൻ ഇനത്തിൽ 2220.08 കോടി രൂപയും ലഭിച്ചിട്ടുണ്ട്.</td></tr>
<tr><td>(സി)</td><td>2012 ഏപ്രിൽ 1 മുതൽ 2012 ഡിസംബർ 31 വരെ കേന്ദ്രവിഹിതമായി എത്ര തുക ലഭിച്ചു ; ലഭിക്കേണ്ടിയിരുന്ന തുക എത്രയായിരുന്നു; കുറവ് വന്നുവെങ്കിൽ എത്ര; കാരണം വ്യക്തമാക്കാമോ;</td><td>2012 ഏപ്രിൽ 1 മുതൽ 2012 ഡിസംബർ 31 വരെ കേന്ദ്ര നികുതി വിഹിതമായി 4552.93 കോടി രൂപ ലഭിച്ചിട്ടുണ്ട്. ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം 7103.43 കോടി രൂപയാണ് ഈ സാമ്പത്തിക വർഷം ലഭിക്കേണ്ടത്.</td></tr>
<tr><td>(ഡി)</td><td>ഈ സാമ്പത്തികവർഷത്തിൽ എത്ര രൂപ സംസ്ഥാനം വിവിധ ഏജൻസികളിൽനിന്നും വായ്പയെടുത്തു; ഏതെല്ലാം ഏജൻസികളിൽനിന്നും എത്രവീതം; വ്യക്തമാക്കാമോ;</td><td>നടപ്പു സാമ്പത്തിക വർഷം വിവിധ ഏജൻസികളിൽ നിന്നും എടുത്തിട്ടുള്ള വായ്പ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>തുക ലക്ഷത്തിൽ
<table>
<tr><th>പദ്ധതി</th><th>വിദേശ ഏജൻസി</th><th>01.04.2012 മുതൽ 31.12.2012 വരെയുള്ള വായ്പ</th></tr>
<tr><td>നാഷണൽ ഹൈഡ്രോളജി പദ്ധതി II</td><td>ലോക ബാങ്ക്</td><td>201.30</td></tr>
<tr><td>കേരള വാട്ടർ സപ്ളൈ പദ്ധതി II</td><td>ജിക്ക</td><td>10724.24</td></tr>
<tr><td>കേരള വാട്ടർ സപ്ളൈ പദ്ധതി III</td><td>ജിക്ക</td><td>3770.94</td></tr>
<tr><td>കെ.എസ്.യു.ഡി.പി.</td><td>എ.ഡി.ബി.</td><td>7797.35</td></tr>
<tr><td>കെ.എൽ.ജി.എസ്.ഡി.പി.</td><td>ലോക ബാങ്ക്</td><td>17534.00</td></tr>
<tr><td>ഡ്രിപ്</td><td>ലോക ബാങ്ക്</td><td>486.17</td></tr>
<tr><td colspan="2">ആകെ</td><td>40514.00</td></tr>
</table></td></tr>
</table>

<table>
<tr><td>(ഇ)</td><td>2012 ഏപ്രിൽ 1 മുതൽ എത്ര രൂപയുടെ കുടിശ്ശിക തുകകൾക്ക് സ്റ്റേ നൽകി; കോടതി സ്റ്റേ ഉണ്ടോ; എങ്കിൽ എത്ര; 10 ലക്ഷത്തിൽ കൂടുതലുള്ള തുകയ്ക്ക് എത്രപേർക്ക് സ്റ്റേ നൽകിയെന്ന് വ്യക്തമാക്കാമോ; വിശദാംശം ലഭ്യമാക്കാമോ ;</td><td>2012 ഏപ്രിൽ 1 മുതൽ രജിസ്ട്രേഷൻ, ലാന്റ് റവന്യൂ, എക്സൈസ് എന്നീ വകുപ്പുകളിലായി കുടിശ്ശിക തുകകൾക്ക് സ്റ്റേ നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.
<table>
<tr><th>വകുപ്പ്</th><th>സ്റ്റേ സംബന്ധിച്ചുള്ള വിശദാംശങ്ങൾ</th></tr>
<tr><td>രജിസ്ട്രേഷൻ</td><td>ഇല്ല.</td></tr>
<tr><td>എക്സൈസ്</td><td>4.15 കോടി രൂപയുടെ കുടിശ്ശികയ്ക്ക് കോടതി സ്റ്റേ നൽകിയിട്ടുണ്ട്. 5 കുടിശ്ശിക കേസുകൾക്കാണ് സ്റ്റേനൽകിയിട്ടുള്ളത്. 10 ലക്ഷത്തിൽ കൂടുതലുള്ള തുകയ്ക്ക് 4 പേർക്ക് സ്റ്റേ നൽകിയിട്ടുണ്ട്.</td></tr>
<tr><td>ലാന്റ് റവന്യൂ</td><td>758.92 കോടി രൂപയുടെ കോടതി സ്റ്റേയും 637.92 കോടി രൂപയുടെ സർക്കാർ സ്റ്റേയും, 322.69 കോടി രൂപയുടെ അപ്പലേറ്റ് അതോറിറ്റി സ്റ്റേയും ഉൾപ്പെടെ ആകെ 1719.53 കോടി രൂപയുടെ സ്റ്റേ നൽകിയിട്ടുണ്ട്</td></tr>
<tr><td>വാണിജ്യ നികുതി</td><td>വിവരം ലഭ്യമല്ല.</td></tr>
</table></td></tr>
<tr><td>(എഫ്)</td><td>01.04.2012 മുതൽ 31.12.2012 വരെ സർക്കാർ ജീവനക്കാർക്ക് ശമ്പളം, പെൻഷൻ, ലോൺ തിരിച്ചടവ്, വിവിധ ഏജൻസികൾക്ക് പലിശ എന്നീ ഇനങ്ങളിൽ എത്ര തുക വീതം ചെലവായി;</td><td>01.04.2012 മുതൽ 31.12.2012 വരെ സർക്കാർ ജീവനക്കാരുടെ ശമ്പളയിനത്തിൽ 14225.85 കോടി രൂപയും പെൻഷൻ ഇനത്തിൽ 7018.52 കോടി രൂപയും ലോൺ തിരിച്ചടവ് ഇനത്തിൽ 1414.27 കോടി രൂപയും പലിശയിനത്തിൽ 3103.24 കോടി രൂപയും ചെലവായിട്ടുണ്ട്.</td></tr>
<tr><td>(ജി)</td><td>1.4.2012 മുതൽ നാളിതു വരെ വികസനപ്രവർത്തനങ്ങൾക്കായി എത്ര തുക ചെലവഴിച്ചു;</td><td>01.04.2012 - മുതൽ 31.03.2012 വരെ സംസ്ഥാന പദ്ധതി ഇനത്തിൽ കേന്ദ്രവിഷ്കൃത പദ്ധതി ഉൾപ്പെടെ 6140.50 കോടി രൂപ ചെലവായിട്ടുണ്ട്.</td></tr>
<tr><td>(എച്ച്)</td><td>1.4.2012 മുതൽ 31.12.2012 വരെ ആകെ വരവ് എത്ര; ആകെ ചെലവ് എത്ര; വരവും ചെലവും ഓരോ വകുപ്പിലേയും പ്രത്യേകം ശീർഷകാടിസ്ഥാനത്തിൽ പറയാമോ; ചെലവഴിച്ച തുകയും ശതമാനവും വ്യക്തമാക്കാമോ; ഏറ്റവും കുറഞ്ഞ തോതിൽ തുക ചെലവഴിച്ച വകുപ്പുകൾ ഏതെല്ലാമാണ് ?</td><td>01.04.2012 മുതൽ 31.12.2012 വരെ ആകെ വരവിന്റെയും ചെലവിന്റെയും വകുപ്പ് തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.</td></tr>
</table>

അനുബന്ധം [illegible]യിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ.